പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1738** | | **31.01.2018-ൽ മറുപടിയ്ക്ക്** | |
| **ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ മരണമടയുമ്പോൾ ഡാറ്റ ബേസിൽ നിന്നും യഥാസമയം പേര് നീക്കം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അറിവിൽ ഗുണഭോക്താവ് മരണപ്പെട്ടതായുള്ള വിവരം ലഭിച്ചാൽ ഉടൻ ഗുണഭോക്താവിനെ ലിസ്റ്റിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | പരേതരെ ഗുണഭോക്തൃ പട്ടികയിൽ നിന്നും നീക്കം ചെയ്യാത്തതു മൂലം മരണാനന്തരവും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ക്ഷേമപെൻഷൻ ഗുണഭോക്തൃപട്ടിക കുറ്റമറ്റതാക്കി, പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ക്ഷേമ പെൻഷൻ ഗുണഭോക്തൃ പട്ടിക കുറ്റമറ്റതാക്കുന്നതിനായി 2016 മെയ് 1 മുതൽ ജൂൺ 10 വരെ ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് പരാതികൾ സ്വീകരിച്ച് സംസ്ഥാന വ്യാപകമായി അദാലത്തുകൾ നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധികാരികത ഉറപ്പ വരുത്തുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമായി ഒരോ ഗുണഭോക്താവിനും പ്രത്യേക സത്യവാങ്മൂലം സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നില്ല. സോഫ്റ്റ് വെയർ പുതുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ